REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 02-01-2025 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **23-ാമത് കേരള ഗവർണറായി രാജേന്ദ്ര വിശ്വനാഥ് അർലേകർ സത്യപ്രതിജ്ഞ ചെയ്ത് ചുമതലയേറ്റു.**
- **സാമൂഹ്യ പരിഷ്കർത്താവും NSS സ്ഥാപകനുമായ മന്നത്ത് പദ്മനാഭന്റെ 148-ാം ജയന്തി ഇന്ന് ആഘോഷിക്കുന്നു. ജയന്തി സമ്മേളനം രമേശ് ചെന്നിത്തല ഉദ്ഘാടനം ചെയ്തു.**
- **63-ാമത് സംസ്ഥാന സ്കൂൾ കലോത്സവത്തിന് മറ്റന്നാൾ തിരുവനന്തപുരത്ത് തിരി തെളിയും.**
- **വ്യത്യസ്ത മേഖലകളിൽ അസാധാരണ കഴിവ് പ്രകടിപ്പിക്കുന്ന കുട്ടികളെ പ്രോത്സാഹിപ്പിക്കുന്നതിന് നൽകുന്ന 'ഉജ്ജ്വല ബാല്യം പുരസ്കാരം' പ്രഖ്യാപിച്ചു.**
- **ഇന്ത്യ - ഓസ്ട്രേലിയ ബോർഡർ-ഗാവസ്കർ ട്രോഫി ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയിലെ അവസാന മത്സരം നാളെ സിഡ്നിയിൽ ആരംഭിക്കും.**

## വാർത്തകൾ വിശദമായി

23-ാമത് കേരളാ ഗവർണറായി രാജേന്ദ്ര വിശ്വനാഥ് അർലേകർ സത്യപ്രതിജ്ഞ ചെയ്ത് ചുമതലയേറ്റു. രാജ്ഭവനിൽ നടന്ന ചടങ്ങിൽ ഹൈക്കോടതി ചീഫ് ജസ്റ്റിസ് നിതിൻ മധുകർ ജാംദാർ സത്യവാചകം ചൊല്ലിക്കൊടുത്തു.

ബംഗാൾ ഗവർണർ CV ആനന്ദബോസ്, മുഖ്യമന്ത്രി പിണറായി വിജയൻ, സ്പീക്കർ AN ഷംസീർ, ചീഫ് സെക്രട്ടറി ശാരദ മുരളീധരൻ, മന്ത്രിമാർ, MLA മാർ, രാഷ്ട്രീയ സാമൂഹ്യ സാംസ്കാരിക രംഗത്തെ പ്രമുഖർ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

✪✪✪

സമുദായ പരിഷ്കർത്താവും നായർ സർവീസ് സൊസൈറ്റി സ്ഥാപകനുമായ മന്നത്ത് പദ്മനാഭന്റെ 148 -ാമത് ജയന്തി ഇന്ന് ആചരിക്കുന്നു. NSS ആസ്ഥാനമായ ചങ്ങനാശേരി പെരുന്നയിൽ മന്നം സമാധിയിൽ പുഷ്പാർച്ചനയോടെ ജയന്തി ആഘോഷങ്ങൾക്ക് തുടക്കമായി. ജയന്തി സമ്മേളനം രമേശ് ചെന്നിത്തല ഉദ്ഘാടനം ചെയ്തു.

മാമൂലുകളിലും അന്ധവിശ്വാസങ്ങളിലും തളച്ചിടപ്പെട്ട ഒരു ജനതയെ പുരോഗതിയിലേക്ക് നയിച്ച നേതാവായിരുന്നു മന്നത്ത് പത്മനാഭനെന്ന് രമേശ് ചെന്നിത്തല പറഞ്ഞു.

ചരിത്രത്തിന്റെ തങ്കത്താളുകളിൽ മന്നത്തിന്റെ സംഭാവനകൾ എഴുതപ്പെട്ടിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.

കർമം കൊണ്ട് ശൂന്യതയിൽ അത്ഭുതങ്ങൾ സൃഷ്ടിച്ച യുഗപ്രഭാവനായിരുന്നു മന്നത്ത് പദ്മനാഭനെന്ന് പൊതുസമ്മേളനത്തെ അഭിസംബോധന ചെയ്ത NSS ജനറൽ സെക്രട്ടറി G സുകുമാരൻ നായർ പറഞ്ഞു.

✪✪✪

സാമൂഹ്യ പരിഷ്കർത്താവും NSS സ്ഥാപകനുമായ മന്നത്ത് പദ്മനാഭന്റെ 148-ാം ജയന്തി ദിനത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ സ്മരണാഞ്ജലി അർപ്പിച്ചു. കേരളത്തിൽ നിലനിന്നിരുന്ന അനാചാരങ്ങൾക്കെതിരായ പോരാട്ടങ്ങളുടെ നേതൃസാന്നിധ്യമായിരുന്നു മന്നത്ത് പദ്മനാഭനെന്ന് മുഖ്യമന്ത്രി സമൂഹിക മാധ്യമ പോസ്റ്റിൽ കുറിച്ചു.

✪✪✪

കലൂരിൽ ഉമ തോമസിന് അപകടമുണ്ടായ പരിപാടിയിൽ സുരക്ഷാ വീഴ്ചയുണ്ടായെന്ന് മന്ത്രി സജി ചെറിയാൻ പറഞ്ഞു. വിഷയത്തിൽ ഗവൺമെന്റ് ശക്തമായ നടപടിയെടുക്കുമെന്നും മന്ത്രി തിരുവനന്തപുരത്ത് മാധ്യമങ്ങളെ അറിയിച്ചു. പരിപാടിയുടെ വേദി ഒരുക്കിയതിൽ വൻ അപാകത ഉണ്ടായെന്നും മന്ത്രി പറഞ്ഞു.

✪✪✪

കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ - KFC - അനിൽ അംബാനിയുടെ കമ്പനിയിൽ 60 കോടി രൂപ നിക്ഷേപം നടത്തിയതായി പ്രതിപക്ഷ നേതാവ് VD സതീശൻ ആരോപിച്ചു. റിലയൻസ് കമ്പനി നഷ്ടത്തിൽ പോകുമ്പോൾ നിക്ഷേപം നടത്തിയത് ഗുരുതരമാണെന്നും ഇതു സംബന്ധമായ രേഖകൾ

സംസ്ഥാന ഗവൺമെന്റ് പുറത്തുവിടണമെന്നും സതീശൻ തിരുവനന്തപുരത്ത് ആവശ്യപ്പെട്ടു.

2018 ൽ ബോർഡിൽ പോലും ചർച്ച ചെയ്യാതെ ആയിരുന്നു നടപടി എന്നും 2019 ൽ കമ്പനി അടച്ചുപൂട്ടിയെന്നും അദ്ദേഹം പറഞ്ഞു. പലിശ ഉൾപ്പെടെ KFCക്ക് 101കോടി കിട്ടാനുണ്ടായിരുന്നു. ചെറുകിട, ഇടത്തരം സ്ഥാപനങ്ങളെ സഹായിക്കാൻ ചുമതലപ്പെട്ട സ്ഥാപനമാണ് KFC. ഈ പണമാണ് അംബാനിക്ക് നൽകിയത്. ഇതിൽ വലിയ അഴിമതി നടന്നിട്ടുണ്ടെന്നും പ്രതിപക്ഷനേതാവ് ആരോപിച്ചു. മൂന്ന് വർഷം നിക്ഷേപ വിവരം മറച്ചു വെച്ചുവെന്നും 21-22വാർഷിക റിപ്പോർട്ടിൽ മാത്രമാണ് റിലേയൻസ് കമ്പനിയിൽ നിക്ഷേപിച്ച കാര്യം ആദ്യമായി പുറത്തു വിടുന്നതെന്നും സതീശൻ പറഞ്ഞു. ഇടപാടിന് പിന്നിൽ കോടികളുടെ കമ്മീഷനുണ്ടെന്നും പ്രതിപക്ഷ നേതാവ് ആരോപിച്ചു.

✪✪✪

63-ാമത് സംസ്ഥാന സ്കൂൾ കലോത്സവത്തിന് മറ്റന്നാൾ തിരുവനന്തപുരത്ത് തിരി തെളിയും. രാവിലെ പത്തിന് തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിൽ നടക്കുന്ന ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയൻ കലോത്സവം ഉദ്ഘാടനം ചെയ്യും. മന്ത്രി V ശിവൻകുട്ടി ചടങ്ങിൽ അധ്യക്ഷനായിരിക്കും.

ന്യൂസ് ഡെസ്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ.

.......വോയ്സ്........

25 വേദികളിലായി ഈ മാസം എട്ടുവരെയാണ് കലോത്സവം. സെൻട്രൽ സ്റ്റേഡിയമാണ് മുഖ്യവേദി. അന്തരിച്ച സാഹിത്യകാരൻ MT വാസുദേവൻ നായർക്ക് ആദരം അർപ്പിച്ച് മുഖ്യവേദിയായ സെൻട്രൽ സ്റ്റേഡിയത്തിനെ MT-നിള എന്ന് പുനർനാമകരണം ചെയ്തിട്ടുണ്ട്. മറ്റു വേദികൾക്ക് സംസ്ഥാനത്തെ നദികളുടെ പേരാണ് നൽകിയത്. 249 ഇനങ്ങളിലായി 15,000 ത്തോളം കലാപ്രതിഭകൾ കൗമാര കലോത്സവത്തിൽ മത്സരിക്കും. മംഗലം കളി, ഇരുള നൃത്തം, പണിയ നൃത്തം, മലപുലയ ആട്ടം, പളിയ നൃത്തം, തുടങ്ങി അഞ്ച് തദ്ദേശീയ നൃത്ത കലകൾ കൂടി പുതുതായി ഉൾപ്പെടുത്തി എന്നതാണ് കലോത്സവത്തിന്റെ ഇത്തവണത്തെ പ്രത്യേകത.

കാസർകോട് നിന്ന് ചൊവ്വാഴ്ച ആരംഭിച്ച കലോത്സവത്തിന്റെ സ്വർണക്കപ്പ് ഘോഷയാത്ര നാളെ വൈകിട്ട് സെൻട്രൽ സ്റ്റേഡിയത്തിൽ എത്തിച്ചേരും. 27 സ്കൂളുകളിലാണ് താമസ സൗകര്യം ഒരുക്കിയിരിക്കുന്നത്. കലോത്സവ വേദികളിലെത്താൻ QR കോഡ് സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.

✪✪✪

ബേപ്പൂർ അന്താരാഷ്ട്ര വാട്ടർ ഫെസ്റ്റിവൽ നാലാം സീസണ് മുന്നോടിയായി ഇന്ത്യൻ വ്യോമസേനയുടെ എയർഷോ പരിശീലന പ്രദർശനം വൈകിട്ട് ബേപ്പൂർ മറീന ബീച്ചിൽ നടത്തും. തിരുവനന്തപുരം സതേൺ എയർ കമാന്റിലെ ഹെലികോപ്റ്ററുകൾ എയർഷോയിൽ പങ്കെടുക്കും. വ്യോമസേനയ്ക്കു പുറമെ, നാവിക സേനയും കോസ്റ്റ് ഗാർഡും വാട്ടർഫെസ്റ്റിൽ പങ്കാളികളാകുന്നുണ്ട്. ശനി, ഞായർ ദിവസങ്ങളിലെ രണ്ട് ഫെസ്റ്റിവൽ ദിനങ്ങളിലും കോസ്റ്റ് ഗാർഡിന്റെയും നാവിക സേനയുടെയും കപ്പലുകൾ ബേപ്പൂർ തുറമുഖത്ത് പ്രദർശനത്തിനെത്തും.

✪✪✪

ബേപ്പൂർ ഇന്റർനാഷണൽ വാട്ടർ ഫെസ്റ്റിവെലിന്റെ ഭാഗമായി ഇൻർനാഷണൽ കൈറ്റ് ഫെസ്റ്റിവെൽ ശനി, ഞായർ ദിവസങ്ങളിൽ നടക്കും. വിയറ്റ്നാം. ശ്രീലങ്ക തുടങ്ങിയ വിദേശ രാജ്യങ്ങൾക്ക് പുറമെ, 10 സംസ്ഥാനങ്ങളിലെ പ്രമുഖരായ 50 കൈറ്റ് ഫ്ളയേർസ് പങ്കെടുക്കും.

✪✪✪

വ്യത്യസ്ത മേഖലകളിൽ അസാധാരണ കഴിവ് പ്രകടിപ്പിക്കുന്ന കുട്ടികളെ പ്രോത്സാഹിപ്പിക്കുന്നതിന് സംസ്ഥാനതലത്തിൽ വനിത ശിശു വികസന വകുപ്പ് നൽകുന്ന 'ഉജ്ജ്വല ബാല്യം പുരസ്കാരം' മന്ത്രി വീണാ ജോർജ് തിരുവനന്തപുരത്ത് പ്രഖ്യാപിച്ചു.

കല, കായികം, സാഹിത്യം, ശാസ്ത്രം, സാമൂഹികം, പരിസ്ഥിതി സംരക്ഷണം, ഐ.ടി. മേഖല, കൃഷി, മാലിന്യ സംസ്കരണം, ജീവകാരുണ്യ പ്രവർത്തനം, ക്രാഫ്റ്റ്, ശില്പ നിർമ്മാണം, ധീരത എന്നീ മേഖലകളിൽ മികവ് തെളിയിച്ചവരെയാണ് അവാർഡിന് പരിഗണിച്ചത്.

25,000 രൂപയും പ്രശസ്തി പത്രവും, ഫലകവും അടങ്ങുന്നതാണ് അവാർഡ്.

✪✪✪

കണ്ണൂർ ശ്രീകണ്ഠപുരത്തിനടുത്ത് വളക്കൈയിൽ സ്കൂൾ ബസ് മറിഞ്ഞ് മരിച്ച വിദ്യാർത്ഥിനിയുടെ മൃതദേഹം അല്പസമയത്തിനകം മഞ്ചച്ചാൽ പൊതുശ്മശാനത്തിൽ സംസ്കരിക്കും.

കുറുമാത്തൂർ ചിന്മയ വിദ്യാലയത്തിലും വീട്ടിലും പൊതുദർശനത്തിന് വെച്ചു.

ഇന്നലെ വൈകുന്നേരം ആണ് കുറുമാത്തൂർ ചിന്മയ വിദ്യാലയയിലെ ബസ് മറിഞ്ഞ് അഞ്ചാം ക്ലാസ് വിദ്യാർഥിനി നേദ്യ എസ്.രാജേഷ് മരിച്ചത്.

✪✪✪

അതിനിടെ വിദ്യാർത്ഥിനിയുടെ മരണത്തിന് ഇടയാക്കിയ സ്കൂൾ ബസ് അപകടത്തെ കുറിച്ച് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ റിപ്പോർട്ട് സമർപ്പിച്ചു. സ്കൂൾ ബസിന് യന്ത്രത്തകരാറില്ലെന്നും അപകടകാരണം അശാസ്ത്രീയ റോഡും ഡ്രൈവറുടെ അശ്രദ്ധയുമാണെന്നാണ് റിപ്പോർട്ട്.

✪✪✪

സഞ്ചാരികളുടെ പറുദീസയായ മൂന്നാറിലെ പുറം കാഴ്ച്ചകൾ കാണാൻ പാകത്തിൽ സജ്ജീകരിച്ച ഡബിൾ ഡക്കർ പുറത്തിറങ്ങി.

KSRTCയുടെ ഏറ്റവും പുതിയ സംരംഭമായ 'KSRTC റോയൽ വ്യൂ' പദ്ധതിയുടെ ഭാഗമാണ് ഡബിൾ ഡക്കർ ബസ് സർവീസ്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാപ്രതിനിധി രതീഷ് കൃഷ്ണ.

..........വോയ്സ്..........

കെ.എസ്.ആർ.ടി.സി യുടെ ഡബിൾ ഡക്കർ ബസാണ് മുന്നാറിലേക്ക് എത്തുന്നത്.ബസിന്റെ മുകൾ ഭാഗത്തും, ബോഡി ഭാഗങ്ങളിലും ഘടിപ്പിച്ചിട്ടുള്ള സുതാര്യമായ ഗ്ലാസ് പാനലുകളിലൂടെ സഞ്ചാരികൾക്ക് തേയില തോട്ടങ്ങളും കോടമഞ്ഞും ഉൾപ്പെടെ മൂന്നാറിന്റെ പ്രകൃതി മനോഹാരിത നേരിട്ട് ആസ്വദിക്കാനാവും. ബസിലെ രാത്രി യാത്രകൾ വ്യത്യസ്തമാക്കാൻ വിവിധ നിറങ്ങളിലുള്ള പ്രകാശസംവിധാനവും ഏർപ്പെടുത്തി. വാഹനത്തിന്റെ മുകൾ നിലയിൽ 38 പേർക്കും താഴത്തെ നിലയിൽ 12 പേർക്കുമായി മൊത്തം 50 സഞ്ചാരികൾക്ക് ഒരേ സമയം യാത്ര ചെയ്യാം. യാത്രാസുഖത്തിനായി ആധുനിക രീതിയിലുള്ള സീറ്റുകളും ഒരുക്കിയിട്ടുണ്ട്.

ടൂറിസ്റ്റുകൾക്ക് ആസ്വദിക്കാൻ മ്യൂസിക് സിസ്റ്റം, പബ്ലിക് ഇൻഫർമേഷൻ സിസ്റ്റം എന്നീ സംവിധാനങ്ങളും ബസ്സിലുണ്ട്. യാത്രാവേളയിൽ കുടിവെള്ളം, ലഘുഭക്ഷണങ്ങൾ, പാനീയങ്ങൾ തുടങ്ങിയവ ലഭ്യമാകുന്നതിനും, അത്യാവശ്യഘട്ടങ്ങളിൽ മൊബൈൽ ചാർജ്ജിംഗ് നടത്തുന്നതിനുമുള്ള സംവിധാനങ്ങളും ലഭ്യമാണ്.

ബസ്സിന്റെ മനോഹരമായ രൂപകൽപ്പനയും സംവിധാനങ്ങളും ഫോട്ടോഷൂട്ട് അടക്കമുള്ള അനന്തസാധ്യതകൾക്ക് വഴി തുറക്കുമെന്നാണ് പ്രതീക്ഷ.

✪✪✪

ഇന്ത്യ - ഓസ്ട്രേലിയ ബോർഡർ-ഗാവസ്കർ ട്രോഫി ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയിലെ അവസാന മത്സരം നാളെ സിഡ്നിയിൽ ആരംഭിക്കും. ഇന്ത്യൻ

സമയം  പുലർച്ചെ അഞ്ചിനാണ്  അഞ്ചാം ടെസ്റ്റ് ആരംഭിക്കുന്നത്. നാലു മത്സരങ്ങൾ പൂർത്തിയായപ്പോൾ 2-1ന് ഓസ്ട്രേലിയ മുന്നിലാണ്.

സിഡ്നി ടെസ്റ്റിൽ ജയിച്ച് പരമ്പര 2-2 സമനിലയിൽ എത്തിക്കാൻ സാധിച്ചാൽ നിലവിൽ ചാമ്പ്യന്മാരായ ഇന്ത്യക്കു ബോർഡർ-ഗാവസ്കർ ട്രോഫി നിലനിർത്താം.  ICC 2025 ലോക ടെസ്റ്റ് ചാമ്പ്യൻഷിപ്പ് ഫൈനൽ സാധ്യതയിൽ ചെറിയ പ്രതീക്ഷ ബാക്കിവയ്ക്കണമെങ്കിലും സിഡ്നി ടെസ്റ്റിൽ ഇന്ത്യക്കു ജയം അനിവാര്യമാണ്.

✪✪✪

ISL ഫുട്ബോളിൽ ഇന്ന് മോഹൻ ബഗാൻ സൂപ്പർ ജയന്റ് ഹൈദരാബാദ് FC യെ നേരിടും. വൈകിട്ട് ഏഴരയ്ക്ക് കൊൽക്കത്തയിലാണ് മത്സരം.

✪✪✪

കാസർക്കോട് പെരിയ ഇരട്ടക്കൊലക്കേസിൽ കുറ്റവാളികളെന്ന് കണ്ടെത്തിയ 14 പ്രതികളുടെ ശിക്ഷ കൊച്ചിയിലെ പ്രത്യേക CBI കോടതി നാളെ പ്രഖ്യാപിക്കും.  CPIM നേതാവും ഉദുമ മുൻ MLAയുമായ KV കുഞ്ഞിരാമൻ, CPIM ഉദുമ  മുൻ ഏരിയ സെക്രട്ടറി K മണികണ്ഠൻ എന്നിവർ  ഉൾപ്പടെ 14 പ്രതികൾ കുറ്റക്കാരാണെന്ന് കോടതി കഴിഞ്ഞ ദിവസം കണ്ടെത്തിയിരുന്നു.

✪✪✪

പെരിയ ഇരട്ടക്കൊലക്കേസിൽ നാളെ എറണാകുളം CBI കോടതി ശിക്ഷാവിധി പുറപ്പെടുവിക്കുന്ന പശ്ചാത്തലത്തിൽ കാസർകോട് കളക്ട്രേറ്റിൽ സമാധാനയോഗം ചേർന്നു.ജില്ലാ കളക്ടർ K ഇമ്പശേഖറിന്റെ നേതൃത്വത്തിൽ ചേർന്ന യോഗത്തിൽ വിവിധ രാഷ്ട്രീയ കക്ഷി പ്രതിനിധികളും നേതാക്കളും പൊലീസ് ഉദ്യോഗസ്ഥരും പങ്കെടുത്തു. പ്രദേശത്ത് സമാധാനം നിലനിർത്തുന്നതിന് ആവശ്യമായ നടപടി കൈക്കൊള്ളുന്നതിന് യോഗം തീരുമാനം എടുത്തു.

✪✪✪

മകരവിളക്കിനോട് അനുബന്ധിച്ച് തിരുവാഭരണ ഘോഷയാത്രയുടെ തയ്യാറെടുപ്പുകൾ വിലയിരുത്തുന്നതിനു പത്തനംതിട്ട  ജില്ലാ കലക്ടറുടെ അധ്യക്ഷതയിൽ പന്തളം വലിയകോയിക്കൽ ശാസ്താ ക്ഷേത്രം ഓഡിറ്റോറിയത്തിൽ യോഗം ചേർന്നു. ഘോഷയാത്ര കടന്നുപോകുന്ന പാതയിൽ കുറ്റമറ്റ ക്രമീകരണങ്ങൾ ഒരുക്കാൻ യോഗം തീരുമാനിച്ചു.

*News Editor & Reader : സുരേഷ് വി കെ*
*News Reader: ഹക്കീം കൂട്ടായി*
*Casual News readers: രജിന കെ*
*DEO : സുബോധ് സി കെ*